**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഭൂജല വകുപ്പിൽ ഡലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ഭൂജല വകുപ്പ് ഓഫീസർക്കുള്ള ഡലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ എത്ര രൂപ വരെയാണ്; വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ഭൂജലവകുപ്പ് ഓഫീസർക്കുള്ള ഡലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ 4 ലക്ഷം രൂപ വരെയാണ്. |
| (ബി) | പ്രസ്തുത ഡലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ നിജപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ഡലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ നിജപ്പെടുത്തിയത്, 11.11.2013 തീയതിയിലെ G.O.(MS) No. 112/2013/WRD പ്രകാരമാണ്. |
| (സി) | മറ്റ് വകുപ്പുകളിൽ ജില്ലാ ഓഫീസർമാർക്ക് സാങ്കേതികാനുമതി നൽകാനുള്ള ഡലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ ഒരു കോടി രൂപ വരെയായിരിക്കെ ഭൂജല വകുപ്പിൽ മാത്രം കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (സി) | മറ്റ് വകുപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 25 ലക്ഷം രൂപ വരെയുള്ള സാങ്കേതികാനുമതിയുടെ പരിധിയിലാണ്.<br><br>ഭൂജല വകുപ്പ് ഡയറക്ടറിൽ നിന്നും നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | മറ്റ് വകുപ്പുകൾക്ക് നൽകിയത് പോലെ ഭൂജല വകുപ്പിലും സാങ്കേതികാനുമതി നൽകാനുള്ള ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (ഡി) | മറ്റ് വകുപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 25 ലക്ഷം രൂപ വരെയുള്ള സാങ്കേതികാനുമതിയുടെ പരിധിയിലാണ്.<br><br>ഭൂജല വകുപ്പ് ഡയറക്ടറിൽ നിന്നും നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ